ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയവ വ്യാപകമായി ഉണ്ടാകുന്നത് തടയാൻ നടപടി

134 (1603) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ രോഗങ്ങൾ വ്യാപകമാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രതിരോധ പ്രവർത്തനങ്ങളുടെയും ബോധവൽക്കരണത്തിന്റെയും കാര്യത്തിൽ ആരോഗ്യവകുപ്പ് പിന്നോക്കം പോകുന്നുവെന്ന പരാതി ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) ഈ രംഗത്ത് സർക്കാർ ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന കാരണങ്ങൾ മൂലമാണ് ഇത്തരം രോഗങ്ങൾ വ്യാപകമാകുന്നത് :-

1. പരിസര മലിനീകരണം
2. കൊതുകിന്റെ എണ്ണം പെരുകുന്നതുകൊണ്ട്
3. വൃത്തിഹീനമായ ചുറ്റുപാടുകളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുകൊണ്ട്
4. പകർച്ച വ്യാധികളെക്കുറിച്ചുള്ള അജ്ഞത

(ബി) പ്രധാനപ്പെട്ട വകുപ്പുകളെയും സ്വയംഭരണ സ്ഥാപനങ്ങളെയും സഹകരിപ്പിച്ചുകൊണ്ട് വിവിധതരം രോഗപ്രതിരോധ/ബോധവൽക്കരണ പരിപാടികൾ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്.

(സി) മാലിന്യങ്ങൾ നീക്കം ചെയ്ത് പരിസര ശുചിത്വം പാലിക്കാൻ ഊർജ്ജിതശ്രമങ്ങൾ നടത്തിവരുന്നു. ഡെങ്കിപ്പനി കണ്ടെത്തിയ സ്ഥലങ്ങളിൽ വാളന്റിയർമാരും ഹെൽത്ത് വർക്കേഴ്സും ചേർന്ന് വീടുവിടാന്തരം കയറി കൊതുകു നിവാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ ഫോഗിംഗ്, മരുന്നുതളി, മൈക്ക് അനൗൺസ്മെന്റ് ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയും നടക്കുന്നുണ്ട്. ഉപകരണങ്ങളും മരുന്നും വാങ്ങുവാനായി 115 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി നൽകിയിട്ടുണ്ട്. കൂടാതെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും മരുന്നു വാങ്ങുന്നതിനും മറ്റുമായി 2.30 കോടി രൂപ അധികമായി അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്.

ഡെങ്കിപ്പനി പടർന്നുപിടിക്കുന്നതിനുള്ള സാദ്ധ്യത

135 (1604) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏതൊക്കെ ജില്ലകളിലാണ് ഡെങ്കിപ്പനി പടരുന്നതിന്റെ ഭീഷണി ഏറെയുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly